പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 844 മറുപടിയ്ക്ക് — 30.01.2019 ൽ

ഇരവികുളം നാഷണൽ പാർക്ക്

| | ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് ഇരവികുളം നാഷണൽ പാർക്ക് സന്ദർശകരിൽ നിന്നും ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ; | (എ) | ഇക്കഴിഞ്ഞ നീലക്കുറിഞ്ഞി സീസണിൽ സന്ദർശകരിൽ നിന്നും 1,12,65,310/- രൂപ ലഭിച്ചു. |
| (ബി) | ഈ തുകയിൽ നിന്നും വിനോദസഞ്ചാര വകുപ്പ് വനം വകുപ്പിന് കൈമാറിയ തുക എത്രയാണെന്ന് അറിയിക്കുമോ ; | (ബി) | ഇതിൽ നിന്നും വിനോദ സഞ്ചാരവകുപ്പ് വനം വകുപ്പിന് തുകയൊന്നും കൈമാറിയിട്ടില്ല. എന്നാൽ വിനോദസഞ്ചാര വകുപ്പ് കുറിഞ്ഞി പൂക്കാലത്തോടനുബന്ധിച്ചുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 88,00,000/- രൂപ വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) | വിനോദസഞ്ചാര വകുപ്പ് വനം വകുപ്പിന് കൈമാറിയ തുക ഉപയോഗിച്ച് വനം വകുപ്പ് വിനോദ സഞ്ചാരികൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) | വിനോദസഞ്ചാര വകുപ്പ് വനം വകുപ്പിന് കൈമാറിയ 8 8 ലക്ഷം രൂപ ഉപയോഗിച്ച് കുറിഞ്ഞി പൂക്കാലത്തിന് മുന്നോടിയായി ഇരവികുളം നാഷണൽപാർക്കിന്റെ പ്രവേശന കവാടമായ അഞ്ചാംമൈലിൽ വിസിറ്റേഴ്സ് ലോഞ്ചിന്റെ നിർമ്മാണം, ഇ-ടോയ്ലറ്റ് സംവിധാനം, സന്ദർശകർക്കായി ടൂറിസം മേഖലയിൽ ആവശ്യത്തിന് കുടിവെള്ള സൗകര്യം ഒരുക്കൽ, താർ 1 ലെ ബസ് ബേ നവീകരണം, സന്ദർശകർക്ക് വിവിധ നിർദ്ദേശങ്ങളും അവബോധവും നല്കുന്നതിനായി നിർദ്ദേശ ബോർഡുകൾ സ്ഥാപിക്കൽ, നടപ്പാതകളുടെ നവീകരണവും, മോടി പിടിപ്പിക്കലും തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നീലക്കുറിഞ്ഞിയുടെ പേരിൽ ഇരവികുളം നാഷണൽ പാർക്കിൽ നടക്കുന്ന അമിത പ്രകൃതി ചൂഷണം അവസാനിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ ; | (ഡി) | NATPAC ന്റെ പഠനറിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തീരുമാനപ്രകാരം ഒരു ദിവസം 3500 എണ്ണം എന്ന ക്രമത്തിലാണ് സന്ദർശകരെ നാഷണൽ പാർക്കിലേയ്ക്ക് പ്രവേശിപ്പിച്ചിരുന്നത്. നീലക്കുറിഞ്ഞിയുടെ പേരിൽ ഇരവികുളം നാഷണൽ പാർക്കിൽ അമിത പ്രകൃതി ചൂഷണം നടന്നിട്ടില്ല. |
| (ഇ) | ഇരവികുളം നാഷണൽ പാർക്കിലെ ടിക്കറ്റ് കൗണ്ടറിൽ ഉണ്ടാകുന്ന തിരക്കും പാർക്ക് മേഖലയിലെ ട്രാഫിക്കും മൂലം ജീവനുകൾ പൊലിഞ്ഞു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഇ) | ഇരവികുളം നാഷണൽ പാർക്കിൽ ടിക്കറ്റ് കൗണ്ടറിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി 7 5 % ടിക്കറ്റുകൾ ഓൺലൈനായും 25% ടിക്കറ്റുകൾ ഓഫ് ലൈനായും രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിരുന്നു. നീലക്കുറിഞ്ഞി സീസണിൽ തിരക്ക് ഒഴിവാക്കുന്നതിനായി മൂന്നാർ ടൗണിലും ചട്ടമൂന്നാറിലും ടിക്കറ്റ് കൗണ്ടർ പ്രവർത്തിപ്പിച്ചിരുന്നു. നിലവിൽ ടിക്കറ്റ് കൗണ്ടറിലെ തിരക്കും ട്രാഫിക്കും മൂലം ഇരവികുളം നാഷണൽ പാർക്കിനുള്ളിൽ അപകടങ്ങളൊന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ